കൊടുത്തത് 1995 ഡിസംബർ 23 നാണ്. ഇപ്പോൾ പുതുതായി കൊടുത്തതല്ല. ജില്ലാ പഞ്ചായത്തിനേ ഇപ്പോൾ കൊടുത്തിട്ടുള്ളൂ. ബാക്കിയെല്ലാം നേരത്തെ കൊടുത്തതാണ്. കെട്ടിടമുണ്ടാക്കാനുള്ള എ.എസ്സും., റ്റി.എസ്സുമൊക്കെ അവരാണു നോക്കേണ്ടതെന്ന് അസംബ്ലിയിൽ പാസ്സാക്കിയ ആക്ടിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവിറക്കിയത്. അതുകൊണ്ട് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം തിരിച്ചെടുക്കാതെ ഇന്നത്തെ വ്യവസ്ഥ പ്രകാരം ഇതിന് പരിഹാരം കാണാൻ കഴിയുകയില്ല. ഇതൊരു വസ്തുതയാണ്. അവർക്ക് അതിനാവശ്യമായ സംഖ്യ കൊടുത്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് 4 കോടിയോളം രൂപ പ്രത്യേകം കൊടുത്തിട്ടുണ്ട്. ജില്ലാ പഞ്ചായത്തിനും പണം കൊടുത്തിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന് സ്ഥാപനമുണ്ടായിരുന്നില്ല. ഗ്രാമപഞ്ചായത്തിന് കൊടുത്തു. പക്ഷെ അധികം കൊടുത്തിട്ടില്ല. രണ്ട്, രണ്ടരകോടി രൂപയേ അവർക്ക് കൊടുത്തിട്ടുള്ളൂ. അവരും അവരുടെ ജനകീയാസൂത്രണത്തിലൊക്കെ പരമാവധി മുൻഗണനകൊടുത്ത് കെട്ടിടങ്ങളൊക്കെ ഉണ്ടാക്കുകയാണ്. സ്റ്റാഫിനെ നിയമിക്കാൻ അവർക്ക് ഒക്കുകയില്ല. അതിനുള്ള അധികാരം ഗവൺമെന്റിന് തന്നെയാണ്. പണത്തിന്റെ ദൗർലഭ്യമുള്ളതുകൊണ്ടാണ് അതിന് കഴിയാതെ പോയത്. അധികാരവികേന്ദ്രീകരണത്തിന്റെ ഫലമായി ഹോസ്പ്പിറ്റലുകളുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ട്. നല്ല പ്രവർത്തനം നടക്കുന്നതുകൊണ്ടാണ് രോഗികളുടെ എണ്ണം കൂടുന്നത്. അപ്പോഴാണ് ബെഡ് കൂട്ടണമെന്ന വാദം വരുന്നത്. ബെഡ് കൂട്ടണമെന്ന് ആവശ്യമുള്ളതിന്റെ അർത്ഥം ആ ആശുപത്രി നന്നായി പ്രവർത്തിക്കുന്നു എന്നാണ്. അതുകൊണ്ടാണ് രോഗികൾ വരുന്നത്. ആ പ്രശ്നം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. അത് പരിഹരിക്കാൻ ശ്രമിക്കുകയാണ്.

(7) മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഭരണ പ്രതിസന്ധി

ശ്രീ. രാജു എബ്രഹാം : സർ, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഉണ്ടായിരിക്കുന്ന ഭരണസ്തംഭനം ഒഴിവാക്കാൻ അടിയന്തിരമായി സർക്കാർ ഇടപെടണം. സിൻഡിക്കേറ്റ് ഒരുവശത്തും വി. സി. മറുവശത്തും നിലയുറപ്പിച്ചു പോകുന്നതുമൂലം സിൻഡിക്കേറ്റ് തീരുമാനങ്ങളൊന്നും നടപ്പാകുന്നില്ല. ചെറുവണ്ണൂർ ഭൂമി ഇടപാടു മുതൽ ആരംഭിച്ച പ്രശ്നമാണിത്. ഹൈക്കോടതിയിൽ നടക്കുന്ന കേസ് അവസാനിപ്പിക്കുവാൻ സർക്കാർ അടിയന്തിരമായി ഇടപെടണം. ഇന്നലെ 7 സിൻഡിക്കേറ്റ് മെമ്പർമാർ വി. സി. യ്ക്കെതിരെ പരസ്യ പ്രസ്താവനയിറക്കിയിരിക്കുകയാണ്. തൊടുപുഴ എഞ്ചിനീയറിംഗ് കോളേജ്, സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, സ്കൂൾ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ അഡ്മിഷൻ നിർത്തിവയ്ക്കാൻ വി. സി. ഇന്നലെ ഉത്തരവിട്ടിരിക്കുകയാണ്. ഇതിന് അടിയന്തിര പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, യൂണിവേഴ്സിറ്റിയിൽ വി. സി. യും സിൻഡിക്കേറ്റും തമ്മിലുള്ള ചില പ്രശ്നങ്ങൾ വന്നിട്ടുണ്ട്. അത് യൂണിവേഴ്സിറ്റിയുടെ ഭരണത്തെ സ്തംഭിപ്പിക്കുന്നു എന്നുള്ള പത്രവാർത്തകളൊക്കെ വന്നുകൊണ്ടിരിക്കുകയാണ്. ഈ കാര്യത്തെ സംബന്ധിച്ച് പ്രത്യേകമായി അന്വേഷിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly